**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5049** **11-08-2021 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പിൽ സൂപ്പർ മാർക്കറ്റുകൾക്ക് സ്വന്തം കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ ലാഭകരമായി പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റുകളും മറ്റ് സ്ഥാപനങ്ങളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ ഉൾപ്പെടെയുള്ള വിൽപ്പനശാലകളും മറ്റു സ്ഥാപനങ്ങളും ഭൂരിഭാഗവും സ്വകാര്യ വ്യക്തികളുടെ വാടക കെട്ടിടങ്ങളിലും, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും മറ്റു പൊതു മേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതുമായ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. |
| (ബി) | എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ഏറ്റെടുത്ത് സ്വന്തം കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (ബി) | സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുവാൻ അനുയോജ്യമായ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ലഭ്യമാകുന്ന പക്ഷം ആവശ്യകത കൂടി കണക്കിലെടുത്ത് സൂപ്പർ മാർക്കറ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | കുത്തുപറമ്പ് മണ്ഡലത്തിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾക്ക് ഇപ്രകാരം കെട്ടിടം നിർമ്മിക്കുന്നത് പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (സി) | കുത്തുപറമ്പ് മണ്ഡലത്തിൽ സപ്ലൈകോയ്ക്ക് നിലവിൽ സ്വന്തമായി സ്ഥലമില്ല. എങ്കിലും വിപണന സാധ്യതയും ഉപഭോക്താക്കൾക്ക് എത്തിച്ചേരാൻ സൗകര്യപ്രദമായ ലൊക്കേഷനുകളിൽ സൗജന്യമായി സപ്ലൈകോയ്ക്ക് സർക്കാർ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | കുത്തുപറമ്പ് മണ്ഡലത്തിലെ പാനൂരിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ